**KSRTC കമ്പ്യൂട്ടർ സെക്ഷനിൽ വൻ അഴിമതി – KSRTC Blog എക്സ്ക്ലുസീവ്**

## KSRTC യിലെ കമ്പ്യൂട്ടർവൽക്കരണത്തെക്കുറിച്ചുള്ള ടീം KSRTC ബ്ലോഗിന്റെ അന്വേഷണ പരമ്പര രണ്ടാം ഭാഗം

ബത്തേരി ഡിപ്പോയിൽ നിന്നും കമ്പ്യൂട്ടർ കളക്ഷൻ തട്ടിപ്പ് നടത്തി കോടികളുമായി മുങ്ങിയ ജീവനക്കാരെക്കുറിച്ച് വിജിലൻസ് അന്വേഷണം തുടങ്ങിയത് കോർപ്പറേഷനേയും പൊതുജനങ്ങളേയും ഒരുപോലെ ഞെട്ടിച്ച സംഭവമാണ്. ഏകദേശം 2 കോടി രൂപയാണ് ബത്തേരിയിൽ നിന്നും വെട്ടിപ്പ് നടത്തിയതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ബത്തേരി ഡിപ്പോയിൽ നിന്നും വെട്ടിപ്പ് നടത്തിയ ജീവനക്കാർക്ക് താങ്ങും തണലുമായി തലസ്ഥാനത്തെ ചീഫ് ഓഫീസിലെ കമ്പ്യൂട്ടർ വിഭാഗം ജീവനക്കാരും. ബത്തേരി കേസിലെ സുപ്രധാന തെളിവായ ഹാർഡ് ഡിസ്ക് മൂടോടെ അവിടുന്ന് മാറ്റിയാണ് ഇവർ പ്രതികളെ സഹായിച്ചത് എന്നാണ് ആരോപണം. (യോഗ്യതയുള്ള ആളുകൾ കമ്പ്യൂട്ടർ സെക്ഷന്റെ തലപ്പത്ത് ഇരിക്കുന്നതിനാലാകും അല്ലേ?)

ബഹുമാനപ്പെട്ട കോടതിയെ തെറ്റിദ്ധരിപ്പിക്കുവാൻ ശ്രമിച്ച് എന്ന കുറ്റം ഇവർക്കുമേൽ ആരോപിച്ച് കുറ്റകാരായ ജീവനക്കാരെ കെ എസ് ആർ ടി സി സസ്പെൻഡ് ചെയ്യുകയുണ്ടായി. അതിനുശേഷം കമ്പ്യൂട്ടറുകളുടെ ചുമതല മറ്റൊരു ഓഫീസറെ ഏൽപ്പിച്ചു. അധികാരമേറ്റ പുതിയ ഓഫീസർ കെ എസ് ആർ ടി സിയിലെ കമ്പ്യൂട്ടറുകളുടെ കണക്കെടുപ്പുകൾ ആരംഭിച്ചപ്പോഴാണ് അഴിമതിയുടെ പൂർണ്ണ രൂപം പുറത്തു വരുന്നത്. ഏകദേശം 70 ലക്ഷത്തോളം രൂപ വില വരുന്ന കമ്പ്യൂട്ടർ സാമഗ്രികൾ ഉപയോഗശൂന്യമായി കെ എസ് ആർ ടി സിയിൽ മൂടി വെച്ചിരിക്കുന്നതായി കണ്ടെത്തി. ETM ഇംപ്ലിമെന്റ് ചെയ്യുന്നതിന് കമ്പ്യൂട്ടറുകൾ ഇല്ലെന്ന് പറഞ്ഞ് നടന്ന കോർപ്പറേഷന്റെ ദയനീയ അവസ്ഥ !!

കൂട്ടിയിട്ടിരുന്ന കമ്പ്യൂട്ടർ സാമഗ്രികളിൽ ഉപയോഗപ്രദമായ പല സാധനങ്ങളും പുറത്തേക്ക് കടത്തിയിരിക്കുന്നതായും മനസ്സിലാക്കുവാൻ സാധിച്ചു. KSRTC യിൽ ആവശ്യത്തിനുള്ള സാധനങ്ങൾ ഇങ്ങനെ കൂട്ടിയിട്ടിരുന്ന സമയത്തുപോലും ലോക്കൽ പർച്ചേസ് വഴി പുറമേ നിന്നും കൂടുതൽ സാധനങ്ങൾ വാങ്ങിയിരുന്നതായും കണ്ടെത്തുവാൻ സാധിച്ചു.

ദിവസേന നഷ്ടക്കണക്കുകൾ പെരുപ്പിച്ചുകാട്ടി ബസ് ചാർജ്ജ് കൂട്ടി പാവപ്പെട്ട ജനങ്ങളുടെ തലയിൽ അമിതഭാരം ഏൽപ്പിക്കുന്നതിന് കാട്ടുന്ന ശുഷ്കാന്തി സ്വന്തം ഭൂമിയിലെ മണ്ണൊലിച്ചുപോകുന്നത് കണ്ടിട്ട് അതിനെതിരെ നടപടി എടുക്കുന്നതിൽ കാണിച്ചിരുന്നെങ്കിൽ എന്ന് ഒരു നിമിഷം ഞാൻ ഓർത്തു പോകുകയാണ്.

തുടരും . . . . .

അടുത്ത ദിവസം:

1) **കോപ്പിലെ ഒരു റിസർവേഷൻ വെബ്സൈറ്റ്**
2) **യാത്രക്കർക്ക് ഒരു വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കാതെ ഒരു ഒഫീഷ്യൽ വെബ്സൈറ്റ്**

**Stay Tuned for more exclusives from Team KSRTC Blog**

**www.ksrtcblog.com – Everything About KSRTC**